## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 534 | 03.03.2020-ലെ മറുപടിയ്ക്ക്

## പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. ഇ. പി. ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സ്പെഷ്യൽ പദ്ധതി പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ), (ബി) & (സി) | സ്പെഷ്യൽ പദ്ധതി പ്രകാരം കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി പല്ലാരിമംഗലം പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ചിൽ അപാകത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. തുടർന്ന് നിർദ്ദിഷ്ട പദ്ധതി പ്രദേശം കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധന നടത്തുകയും ടി സ്കെച്ചിലെ അപാകത പരിഹരിച്ച് പുന:സമർപ്പിക്കുവാൻ പഞ്ചായത്തിനോട് നിർദ്ദേശിക്കുകയുമുണ്ടായി. അതുപ്രകാരം പഞ്ചായത്ത് സമർപ്പിച്ച പുതുക്കിയ ടോട്ടൽ സ്റ്റേഷൻ സർവ്വേ സ്കെച്ച് അടിസ്ഥാനപ്പെടുത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) | സ്റ്റേഡിയം നിർമ്മാണത്തിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ